പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2782

02.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)'ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതിയുടെ നടത്തിപ്പ് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; | (എ) 2015-ാം വർഷത്തോടുകൂടി കേരളത്തിനെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കാണ് Zero landless (Citizen) Kerala 2015 എന്ന പദ്ധതി ആവിഷ്കരിച്ചത്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ ഭൂരഹിത കുടുംബത്തിനും, ഭവന നിർമ്മാണത്തിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി അർഹരെന്ന് കണ്ടെത്തിയ അപേക്ഷകരുടെ വിശദവിവരങ്ങൾ 15.08.2012- ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നതിനായുള്ള തീയതി 15.02.2013 വരെ ദീർഘിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിട്ടിയ അപേക്ഷകളിന്മേൽ അന്വേഷണം നടത്തിവരുന്നു. |

| | |
|---|---|
| (ബി)എത്ര സെന്റ് വീതം ഭൂമിയാണ് പ്രസ്തുത പദ്ധതിയനുസരിച്ച് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) അർഹരായി കണ്ടെത്തുന്ന ഓരോ ഭൂരഹിത കുടുംബത്തിനും ഭവന നിർമ്മാണത്തിന് 3 സെന്റ് ഭൂമി വീതം പതിച്ച് നൽകാനാണ് തീരുമാനം. |
| (സി) ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഏത് ഓഫീസിലാണ്; | (സി) വില്ലേജ് ഓഫീസർ മുഖാന്തിരമായിരുന്നു അപേക്ഷകൾ സ്വീകരിച്ചത്. |
| (ഡി) എത്ര അപേക്ഷകൾ ഇതുവരെയായി ലഭിച്ചിട്ടുണ്ട്; | (ഡി) 3,15,414 അപേക്ഷകൾ |
| (ഇ) ഗ്രാമസഭകളിൽ വച്ചാണോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്;<br>(എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി വിശ്വാസത്തിലെടുത്ത് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) വില്ലേജാഫീസുകളിൽ ലഭിച്ച പൂരിപ്പിച്ച അപേക്ഷയിന്മേൽ വില്ലേജാഫീസർ തലത്തിലും, തഹസീൽദാർ തലത്തിലും പരിശോധനയും മേൽ പരിശോധനയും കഴിഞ്ഞ് അർഹരായവരെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയത്. |

സെക്ഷൻ ഓഫീസർ